**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/44/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 01-10-2026**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. കെ. ഗോപകുമാർ<br>ടി സി.43/1925,<br>ആര്യശാല, ചാള പി.ഒ,<br>തിരുവനന്തപുരം ജില്ല - 695036 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,ഫോർട്ട്,<br>തിരുവനന്തപുരം ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ ഗോപകുമാർ .കെ തിരുവനന്തപുരം ഫോർട്ട് സെക്ഷന്റെ കീഴിലെ താമസക്കാരനാണ്. 2019 വരെ കരമന സെക്ഷന്റെ കീഴിലുണ്ടായിരുന്ന കുറെ കണക്ഷനുകൾ ഫോർട്ട് സെക്ഷനിലേക്ക് മാറ്റിയ കൂട്ടത്തിൽ പരാതിക്കാരൻ താമസിക്കുന്ന വീട്ടിലുള്ള കണക്ഷനുകളും മാറ്റപ്പെട്ടു. 1145035016094, 16095 & 16079 എന്നിവയാണ് ആ കണക്ഷനുകൾ. ഇതിൽ കൺസ്യൂമർ നമ്പർ 16094 ആയ കണക്ഷൻ ശ്രീ. കെ വേലായുധൻ എന്നയാളുടെ പേരിലാണ്. മുൻപ് ശ്രീ. ബാലൻ എന്ന ആളിന്റെ പേരിലുണ്ടായിരുന്ന പ്രസ്തുത കണക്ഷൻ ശ്രീ. വേലായുധൻ എന്നയാളുടെ പേരിലേക്ക് മാറ്റി നൽകിയതാണ് പരാതിയ്ക്കാധാരം. ഈ കണക്ഷൻ മാറ്റി നൽകിയത് നിയമാനുസൃതമല്ല എന്നതാണ് പരാതിക്കാരൻ ഉന്നയിക്കുന്ന ആക്ഷേപം. നിയമപരമായ രേഖകളുൾപ്പെടെ അപേക്ഷ നല്കിയതിനാലാണ്

മാറ്റി നൽകിയത് എന്നാണ് എതിർകക്ഷി അറിയിച്ചിട്ടുള്ളത്. എന്നാൽ നിയമപരമായി ആ കണക്ഷൻ പരാതിക്കാരന് അവകാശപ്പെട്ടതാണ് എന്നാണ് വാദം. CGRF (south zone) ൽ നൽകിയ പരാതി OP/03/26-27 ആയി ഫയലിൽ സ്വീകരിച്ച് നടപടികൾ പൂർത്തിയാക്കി 13/07/2026-ൽ ഉത്തരവിറക്കി. ആ ഉത്തരവിനെതിരെയുള്ള അപ്പീലായിട്ടാണ് ഈ പരാതി വൈദ്യുതി ഓംബുഡ്സ്മാൻ സമക്ഷം നൽകിയിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

ഉപഭോക്തൃ പരിഹാര ഫാറത്തിൽ (കെ.എസ്.ഇ.ബി) പരാതി കൊടുത്തിരുന്നു. (O.P നമ്പർ 03/2026/27) രണ്ടു പ്രാവശ്യം കൊട്ടാരക്കരയിൽ പോയി. 13/07/26 ൽ അയച്ചുതന്ന ഓർഡർ കിട്ടി. അതിൽ പറഞ്ഞിരിക്കുന്ന ഒന്നും സത്യസന്ധമല്ല. കെ.എസ്.ഇ.ബിയിലെ ഉദ്യോഗസ്ഥൻ കള്ളമായി പറയുന്ന പ്രസ്താവനകളാണ് "അംഗീകരിച്ചത്. തെളിവുകൾ ഒന്നും ഹാജരാക്കിയില്ല. ഫാറത്തിൽ ഞാൻ കൊണ്ട് പോയ യാതൊരു രേഖകളും നോക്കിയില്ല. എന്നെ പറയാനോ അനുവദിച്ചില്ല കെ.എസ്.ഇ.ബി ഉദ്യോഗ സ്ഥർക്ക് കൂട്ടു നിൽക്കുകയാണ് ചെയ്തത്.

എന്റെ അച്ഛന്റെ (പി.കൃഷ്ണനാചാരി) പേരിൽ വീടിനും കടയ്ക്കുമായി മൊത്തം 4 ടി.സി നമ്പർ ഉണ്ട്. (43/1922,1923,1924, 1925) രണ്ടു മീറ്റർ വാടകകാരുടെ പേരിലും ഒരു മീറ്റർ എന്റെ അച്ഛന്റെ പേരിലുമാണ് ഉള്ളത്. ഒരു വാടകകാരനെ കോടതി മുഖാന്തിരം അച്ഛൻ ഒഴിപ്പിച്ച് (ആർ.സിഎ34/1992) എനിക്ക് കട നടത്താൻ തന്നിട്ടുള്ളതും (ടി.സി43/1922) (ബാലൻ) ഞാൻ കട നടത്തി വരുന്നതുമാണ്. ത്രീഫെയ്സ് ലൈൻ, എസ്.എസ്.ഐ. രജിസ്ട്രേഷൻ, കോർപ്പറേഷൻ ലൈസൻസ് എല്ലാം എന്റെ പേരിലുണ്ട്. കുഞ്ഞുകൃഷ്ണൻ പോറ്റി കുടുംബ വക്കീലാണ്. അദ്ദേഹമാണ് കോടതി മുഖാന്തിരം കട ഒഴിപ്പിച്ച് തന്നത്. അതേ വക്കീൽ തന്നെ കോടതിയെ തെറ്റിധരിപ്പിച്ച് കള്ളമായി പ്ലാൻ വരച്ചു വേലായുധനും ചേർന്ന് എക്സ്പാർട്ടി വിധി വാങ്ങി. ഇതിനെതിരെ കോടതിയിൽ അഞ്ചു കേസുകൾ നടക്കുകയാണ്. (ഒ.എസ്84/2009, ഇ.പി.124/2018, ഇപി40/2022, ഐ. എ.182/23, ഐ.എ183/23) കൂടാതെ ജില്ലാ കോടതിയിലും കേസ് ഉണ്ട്. (സി.എം.എ 45/2026) കേസുണ്ട്. ഞാൻ 19/02/2019, 3 നോട്ടീസുകൾ കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർക്കും കോടതി ഉത്തരവ് വെച്ച് നോട്ടീസ് കൊടുത്തു. കോടതിയിൽ കേസു നടക്കുകയാണ്. പേരുകൾ ഒന്നും തന്നെ മാറ്റി കൊടുക്കാൻ പാടില്ല. എന്ന് നോട്ടീസ് കൊടുത്തിട്ടും അതൊന്നും കാര്യമാക്കാതെ (ബാലന്റെ പേരിലുള്ള മീറ്റർ) വേലയുധന്റെ പേർക്ക് മാറ്റി

കൊടുത്തിരിക്കുന്നു എനിക്ക് കിട്ടിയ ഉത്തരവിന്റെ അടിസ്ഥാനങ്ങളുടെ കാര്യങ്ങളെ കുറിച്ചും താഴെ പറയുന്നുണ്ട്.

എന്റെ പേരിൽ ത്രീഫേസ് ലൈൻ- (കൺ നം: 7251) അത് കട്ട് ചെയ്താണ് വേലായുധന്റെ പേർക്ക് മാറ്റി കൊടുത്തത്. 29/10/1982 ൽ കരമന കെ.എസ്.ഇ.ബിയുടെ പരിധിയിൽപ്പെട്ടതാണ് കള്ളമായാണ് എഴുതിയിട്ടുള്ളത്. അതിന്റെ രേഖകൾ ഹാജരാക്കുവാൻ പറയണം. 27/07/19 ൽ കോടതിയിൽ കേസ് നടക്കുന്ന വസ്തു കോടതി രേഖകൾ ഉൾപ്പെടെ (കെ.എസ്.ഇ.ബി)യ്ക്ക് നോട്ടീസ് കൊടുത്തിട്ട് കെ.എസ്.ഇ.ബിയ്ക്ക് കോടതി രേഖകൾ എങ്ങനെയാണ് കള്ളമായി വേലായുധന് മാറ്റി കൊടുത്തത്.

കോർപ്പറേഷനിൽ ടി.സി 43/1922 ആരുടെ പേരിൽ ആർ.ടി.ഐ നിയമം അനുസരിച്ച് ആവശ്യപെട്ടപ്പോൾ അവിടെ അങ്ങനെ ഒരു റെക്കോർഡ് ഒന്നുമില്ല. എന്നാണ് മറുപടി തന്നത്. 5/02/2026 ആർ.ടി ഐ നിയമം കെ.എസ്.ഇ.ബി പി.ഐ.ഒ യ്ക്ക് അപേക്ഷ കൊടുത്തു. തന്നത് സത്യസന്ധമല്ലാത്തതുകൊണ്ട് അപ്പീൽ അധികാരിയെ സമീപിച്ചു(അസിസ്റ്റന്റ് എഞ്ചിനീയർ, ഫോർട്ട് സെക്ഷൻ) അപ്പീൽ അധികാരി എന്നെ വിളിച്ചു വരുത്തി ഞാൻ പറയാത്ത കാര്യങ്ങൾ എല്ലാം എഴുതിചേർത്തു. ഭീക്ഷണിപെടുത്തി ഒപ്പിട്ട് വാങ്ങിച്ചു. മൊഴിപകർപ്പിന് വേണ്ടി കെ.എസ്.ഇ.ബിയിൽ രണ്ടു പ്രാവശ്യം ആർ.ടി.ഐ നിയമം ആവശ്യപ്പെട്ടിട്ട് ഇന്നേ ദിവസം വരെ തന്നിട്ടില്ല. രഹസ്യസ്വാഭവമുള്ള യാതൊന്നും ആവശ്യപ്പെട്ടില്ല. ഞാൻ ഒപ്പിട്ട പേപ്പർ എനിക്കറിയാനുള്ള അധികാരവും അവകാശവുമുണ്ട്. കള്ളത്തരങ്ങൾ എഴുതി ചേർത്തതു കൊണ്ട് ഒളിച്ചു വയ്ക്കേണ്ട ആവശ്യമില്ല. ഉദ്യോഗസ്ഥരെ രക്ഷപ്പെടുത്താൻ വേണ്ടി കള്ളമായി ആണ് റിപ്പോട്ടുകൾ എഴുതുന്നത്. കെ.എസ്. ഇ.ബി ഉദ്യോഗസ്ഥർ വേലായുധന്റെ മതിൽ അടച്ചു കെട്ടിയാലെ പേര് മാറ്റി തരുകയുള്ളൂവെന്ന് പറഞ്ഞു. അതനുസരിച്ച് മതിൽ എല്ലാം പൊക്കിവച്ചു കെട്ടി. കോർപ്പറേഷൻ 4 നോട്ടീസുകൾ പൊളിക്കാൻ കൊടുത്തിട്ടുണ്ട്. ഈ വസ്തു തർക്കഭൂമിയായി വേലായുധനുമായി ചേർന്ന് കേസ് നടക്കുകയാണ്.

(കെ.എസ്.ഇ.ബി)ക്കാർ വേലായുധനുമായി കള്ളത്തരത്തിന് കൂട്ടു നിന്നത് കൊണ്ട് എനിക്ക് ഇരുപതുലക്ഷം രൂപയുടെ മെഷീൻ ആണ് നഷ്ടപ്പെട്ടത്. ആയതിനാൽ പരാതി സ്വീകരിച്ച് വേണ്ട പരിഹാര മാർഗ്ഗങ്ങൾ ചെയ്ത് നഷ്ടപരിഹാരം തരുവാനും, കള്ളങ്ങൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്ക് നിയമനടപടി എടുക്കണമെന്നും അപേക്ഷിച്ചു കൊള്ളുന്നു.

## എതിർകക്ഷിയുടെ വാദം

2019 ഫെബ്രുവരി മാസത്തിൽ കരമന ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഉണ്ടായിരുന്ന 2371 സർവീസ് കണക്ഷനുകൾ ഫോർട്ട് ഇലക്ട്രിക്കൽ സെക്ഷനിലേക്ക് ട്രാൻസ്ഫർ ചെയ്തു. ശ്രീ. ഗോപകുമാർ സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള കൺസ്യൂമർ നമ്പറുകളായ 1145101002324, 1145107000949, 1145109002323 എന്നിവ പ്രസ്തുത സെക്ഷൻ ട്രാൻസ്ഫറിന്റെ ഭാഗമായി കരമന ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഫോർട്ട് ഇലക്ട്രിക്കൽ സെക്ഷനിലേക്ക് ഉൾപ്പെടുത്തിയ സർവീസ് കണക്ഷനുകളാണ്. നിലവിൽ 1145030016094, 1145034016079, 1145035016095 എന്നീ നമ്പറുകളായിട്ടാണ് ഫോർട്ട് സെക്ഷനിൽ നിലവിലുള്ളത്. കൺസ്യൂമർ നമ്പർ. 1145030016094-നുള്ള വൈദ്യുതി സർവീസ് കണക്ഷൻ ശ്രീ. കെ. വേലായുധൻ, ടി സി 43/1922, ആര്യശാല, വലിയ ചാല. കൺസ്യൂമർ നമ്പർ. 1145034016079, കൃഷ്ണൻ ആശാരി, ടി സി 20/1768, കൺസ്യൂമർ നമ്പർ. 1145035016095 എസ്.സുന്ദരൻ ആശാരി, സന്തോഷ് ജുവല്ലറി വർക്ക്, ടി.സി 23/282, ആര്യശാല, കരമന നിലവിൽ ഈ ഉപഭോക്താക്കൾ ഫോർട്ട് സെക്ഷൻ പരിധിയിൽ വരുന്ന ഉപഭോക്താക്കളാണ്.

29.10.1982 ഇൽ ശ്രീ.കെ ബാലൻ ടൈലറിംഗ് ഷോപ്പ് ടി സി 38/1975 എന്ന വിലാസത്തിൽ 1145101002324 എന്ന നമ്പറിൽ ഇലക്ട്രിക്കൽ സെക്ഷൻ കരമനയിൽ നിന്നും നൽകിയിട്ടുള്ള സർവീസ് കണക്ഷൻ ആണ്. പ്രസ്തുത സർവീസ് കണക്ഷൻ ഫോർട്ട് ഇലക്ട്രിക്കൽ സെക്ഷനിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ 1145030016094 എന്ന കൺസ്യൂമർ നമ്പറിലോട്ട് മാറുകയുണ്ടായി തുടർന്ന്, കൺസ്യൂമർ നമ്പർ. 1145030016094 സർവീസ് കണക്ഷന്റെ ഉടമസ്ഥാവകാശം ശ്രീ. ബാലനിൽ നിന്നും തന്റെ പേരിലേക്ക് മാറ്റുന്നതിനായി ശ്രീ കെ. വേലായുധൻ ഉടമസ്ഥാവകാശ മാറ്റത്തിനുള്ള അപേക്ഷ 27.07.2019 സമർപ്പിച്ചു. അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് ടാക്സ് രസീത്, ആധാർ കാർഡിന്റെ പകർപ്പ് , ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ സമർപ്പിച്ചിരുന്നു. സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ, സർവീസ് കണക്ഷന്റെ ഉടമസ്ഥാവകാശം 27.07.2019-ന് ശ്രീ. കെ. വേലായുധന്റെ പേരിലേക്ക് മാറ്റി നൽകി.

ഉടമസ്ഥാവകാശ മാറ്റം നടപ്പിലാക്കുന്ന സമയത്ത്, പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ അപേക്ഷകൻ ശ്രീ. കെ. വേലായുധൻ സമർപ്പിച്ചിരുന്നു. സമർപ്പിച്ച രേഖകൾ പരിശോധിച്ചശേഷമാണ് ഉടമസ്ഥാവകാശ മാറ്റം നടപ്പിലാക്കിയത്. കൂടാതെ, B.O (FTD) No.1902/2018

(D(D&IT)/D-6-AE 3/Ease of Doing Business/2018-19) dated 02.11.2018 പ്രകാരം ഉടമസ്ഥാവകാശം/ നിയമാനുസൃത അധിവസനാവകാശം തെളിയിക്കുന്നതിനായി വിവിധ രേഖകൾ അംഗീകരിക്കാവുന്നതാണ്. അവയിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, ടൈറ്റിൽ ഡീഡ്, ഭൂനികുതി രസീത്, ലെസ്സറുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയോടൊപ്പമുള്ള സാധുവായ വാടക/ ലെസ്സർ- ലെസ്സി കരാർ, ഒക്ക്യൂപൻസി സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടുന്നു. ഹർജിക്കാരനായ ശ്രീ.ഗോപകുമാർ 18/02/2019 നോട്ടീസ് കൊടുക്കേയുണ്ടായി എന്നുള്ള വിവരം ഹർജിയിൽ സൂചിപ്പിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ നിന്നും ഫോർട്ട് സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർക്കോ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്കോ നോട്ടീസ് നൽകിയിട്ടില്ലാത്തതാകുന്നു എന്നുള്ള വിവരം അറിയിക്കുന്നു. ഹർജിക്കാരനായ ശ്രീ.ഗോപകുമാർ പറഞ്ഞിരിക്കുന്നത് തന്റെ പേരിലുള്ള ത്രീ ഫേസ് കണക്ഷൻ ആയ കൺസ്യൂമർ നമ്പർ 7251 എന്ന കരമന സെക്ഷനിലെ കൺസ്യൂമറിനെയാണ് മാറ്റിക്കൊടുത്തു എന്നാണ് എന്നാൽ ആ വിവരം തെറ്റാണ്. കരമന സെക്ഷനിലെ കൺസ്യൂമർ നമ്പറായ 1145101002324 എന്ന ശ്രീ കെ ബാലന്റെ കണക്ഷന്റെ ഉടമസ്ഥാവകാശമാണ് ശ്രീ വേലായുധന്റെ പേർക്ക് മാറ്റി നൽകിയിട്ടുള്ളത്.

ശ്രീ.ഗോപകുമാർ പറയുന്നത് വിവരാവകാശ നിയമപ്രകാരം കോർപ്പറേഷനിൽ ആവശ്യപ്പെട്ടപ്പോൾ റെക്കോർഡ് ഒന്നുമില്ല എന്നാണ് മറുപടി തന്നത് എന്നു പറയുന്നു. എന്താണ് ആവശ്യപ്പെട്ടതെന്ന് എന്നുള്ള വിവരം ഹർജിക്കാരന്റെ പരാതിയിൽ നിന്ന് ലഭ്യമാകുന്നില്ല. തിരുവനന്തപുരം കോപ്പറേഷനിൽ നിന്നും 05/07/2019 ഇൽ കെട്ടിട നമ്പർ 43/1922 (old 38/2379) എന്ന കെട്ടിടത്തിന്റെ ഓണർഷിപ്പ് ശ്രീ.കെ വേലായുധന്റെ പേർക്ക് നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ ഫോർട്ട് ഓണർഷിപ്പ് ശ്രീ.കെ ബാലൻ നിന്നും ശ്രീ വേലായുധന്റെ പേർക്ക് മാറ്റി നൽകിയിട്ടുള്ളത്. അതോടൊപ്പം തന്നെ തൈക്കാട് വില്ലേജിൽ നിന്നുള്ള ശ്രീ.കെ വേലായുധന്റെ പേർക്ക് വസ്തുവിന്റെ കരമടച്ച രസീതും ഹാജരാക്കിയിട്ടുള്ളതാകുന്നു.

ശ്രീ ഗോപകുമാർ വിവരാവകാശ നിയമം, 2005 പ്രകാരം 23.01.2026 തീയതിയിലുള്ള ഒരു അപേക്ഷ ഫോർട്ട് ഇലക്ട്രിക്കൽ സെക്ഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിച്ചു. മുകളിൽ പരാമർശിച്ച സർവീസ് കണക്ഷന്റെ ഉടമസ്ഥാവകാശ മാറ്റവുമായി ബന്ധപ്പെട്ട് ശ്രീ.വേലായുധൻ സമർപ്പിച്ച രേഖകളുടെ പകർപ്പുകളാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും **19.02.2026** തീയതിയിലുള്ള കത്ത് മുഖേന നൽകി.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ തൃപ്തനാകാതിരുന്ന ഹർജിക്കാരൻ, വിവരാവകാശ നിയമം, **2005** പ്രകാരം **27.02.2026**-ന് ഒന്നാം അപ്പീൽ അധികാരിയുടെ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. തുടർന്ന്, ഒന്നാം അപ്പീൽ അധികാരി ഹർജിക്കാരനെ **23.03.2026**-ന് ഹിയറിംഗിനായി വിളിച്ചു വരുത്തി. വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ പ്രത്യേകമായി ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും രേഖകളും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ **19.02.2026**-ലെ കത്ത് മുഖേന നൽകിയിട്ടുണ്ട്. ഹിയറിംഗിനിടെ സമർപ്പിച്ച വാദങ്ങളും ലഭ്യമായ രേഖകളും പരിശോധിച്ച ശേഷം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഇതിനകം തന്നെ നൽകിയിട്ടുള്ളതായി ഒന്നാം അപ്പീൽ അധികാരി കണ്ടെത്തി. അതിനാൽ, ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന് തുടർ അടിസ്ഥാനമില്ലെന്ന് ഒന്നാം അപ്പീൽ അധികാരി കണ്ടെത്തി. ഹർജിക്കാരനായ ശ്രീ.ഗോപകുമാർ പറയുന്നതുപോലെ പറയാത്ത കാര്യങ്ങൾ എഴുതി ചേർത്തു എന്നുള്ള വിവരം തെറ്റാണ് ഹിയറിങ്ങിന് ശേഷം വായിച്ചു നോക്കിയിട്ടാണ് ശ്രീ.ഗോപകുമാർ ഹിയറിങ് മിനിറ്റിൽ ഒപ്പിട്ടിരിക്കുന്നത്. കൂടാതെ വിവരഅവകാശ നിയമപ്രകാരം ചോദിച്ച ഹിയറിങ്ങിന്റെ മിനിറ്റിന്റെ കോപ്പി ഫോർട്ട് സെക്ഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹർജിക്കാരന് നൽകിയിട്ടുള്ളതാണ്. പ്രസ്തുത കോപ്പി തപാൽ വഴി ഹർജിക്കാരന് നൽകിയിട്ടുണ്ട് എന്നുള്ള വിവരവും അറിയിക്കുന്നു.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട വൈദ്യുതി ഓംബുഡ്സ്മാന്റെ ശ്രദ്ധയിൽ വിനീതമായി സമർപ്പിക്കുന്നു:

1. **Consumer No. 1145030016094**-നുള്ള സർവീസ് കണക്ഷൻ ആദ്യം **29.10.1982**-ന് ശ്രീ.ബാലന്റെ പേരിലാണ് അനുവദിച്ചിരുന്നത്.
2. തുടർന്ന്, ഉടമസ്ഥാവകാശം/നിയമാനുസൃത അധിവസനാവകാശം തെളിയിക്കുന്ന രേഖകൾ സഹിതം ശ്രീ. കെ. വേലായുധൻ ഉടമസ്ഥാവകാശ മാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചു.
3. സമർപ്പിച്ച രേഖകളിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബിൽഡിംഗ് ടാക്സ് രസീതും ഉൾപ്പെട്ടിരുന്നു. പ്രസ്തുത രേഖകളുടെ അടിസ്ഥാനത്തിൽ **27.07.2019**-ന് ശ്രീ. കെ. വേലായുധൻ ഉടമസ്ഥാവകാശം മാറ്റി നൽകി.

4. ഉടമസ്ഥാവകാശ മാറ്റത്തിനുള്ള നടപടികൾ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, **2014**-ലെ ബാധകമായ വ്യവസ്ഥകളും **02.11.2018**-ലെ ബോർഡ് ഉത്തരവും പരിഗണിച്ചാണ് സ്വീകരിച്ചത്.
5. തുടർന്ന്, ഹർജിക്കാരൻ വിവരാവകാശ നിയമം, **2005** പ്രകാരം ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെടുകയും, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും ചെയ്തു.
6. തുടർന്ന് ഹർജിക്കാരൻ ഒന്നാം അപ്പീൽ അധികാരിയുടെ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും, വിഷയം പരിഗണിച്ച ശേഷം ആവശ്യപ്പെട്ട വിവരങ്ങൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഇതിനകം തന്നെ നൽകിയിട്ടുണ്ടെന്ന് ഒന്നാം അപ്പീൽ അധികാരി കണ്ടെത്തുകയും ചെയ്തു.
7. അതിനാൽ, ലൈസൻസി ബാധകമായ വ്യവസ്ഥകൾ അനുസരിച്ചാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും വിവരാവകാശ അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും വിനീതമായി സമർപ്പിക്കുന്നു.
8. തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നോ മറ്റു റവന്യൂ അധികാരികളിൽ നിന്നോ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീ.ഗോപകുമാറിന്റെ പേരിലോട്ട് മാറ്റി ലഭിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ നിലവിലെ കൺസ്യൂമർ ആയ ശ്രീ.വേലായുധന്റെ പേരിൽ നിന്നും ശ്രീ. ഗോപകുമാറിന്റെ പേരിലോട്ട് കൺസ്യൂമർ നമ്പർ. **1145030016094** സർവീസ് കണക്ഷന്റെ ഓണർഷിപ്പ് മാറ്റി നൽകാൻ കഴിയുന്നതാണ് എന്നുള്ള വിവരവും ഇതിനാൽ അറിയിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഈ വിഷയം ബഹുമാനപ്പെട്ട വൈദ്യുതി ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കും നിയമാനുസൃതമായ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമായി വിനീതമായി സമർപ്പിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

എന്റെ പേർക്ക് എന്റെ അച്ഛൻ ജീവിച്ചിരിക്കുമ്പോൾ തന്നെ എനിക്ക് ത്രീ ഫേസ് ലൈൻ ഉണ്ട്. (കൺസ്യൂമർ നമ്പർ. **7251**) കൂടാതെ കോടതി ഓർഡറും ഉണ്ട്. **(RCA.No-34/1992)** എന്നെ അറിയാതെ ഇളക്കി മാറ്റിയതാണ് വേലായുധന്റെ പേർക്ക് മാറ്റി കൊടുത്തത്. **TC.**നമ്പർ എല്ലാം തെറ്റായിട്ടാണ് അടിച്ചിട്ടുള്ളത്. കള്ളത്തരങ്ങൾ കാണിച്ചതും, എഴുതിയത് കൊണ്ടും എല്ലാം കള്ളമായി ആണ് എഴുതുന്നത്. **19/02/19** ൽ രജിസ്റ്റർ പോസ്റ്റായി എല്ലാ ഉദ്യോഗസ്ഥർക്കും അയച്ച പോസ്റ്റോഫീസ് രസീത് തങ്ങൾക്കും തന്നിട്ടുണ്ട്.

ഇത്രയും കള്ളത്തരങ്ങൾ എഴുതുന്ന ഉദോഗസ്ഥൻ കേരളത്തിൽ കാണില്ല. ബാലന്റെ പേർക്കുള്ള മീറ്റർ ഉള്ള കട ഞാനാണ് നടത്തികൊണ്ടിരുന്നത് (കുമാർ ജൂവലറി **works**) കോർപറേഷൻ ലൈസൻസ്, **SSI** , രെജിസ്ട്രേഷൻ എല്ലാം ഉണ്ട്.

കോർപറേഷനിൽ ഞാൻ ആവശ്യപ്പെട്ടപ്പോൾ റെക്കോർഡ് ഒന്നും ഇല്ല എന്നാണ് എഴുതി തന്നത്. കോടതിയിൽ **5** കേസ്സുകൾ കിടക്കുകയാണ്. വേലായുധന്റെ പേർക്ക്, ഈ കാര്യങ്ങൾക്ക് **19/2/19**ൽ നോട്ടീസ് കൊടുത്തിട്ടും കള്ളമായി പേര് മാറ്റികൊടുത്തു. സിറ്റി പോലീസ് കമ്മിഷണർ എല്ലാം അന്വേഷണം നടത്തി തെളിവുകളുടെ അടിസ്ഥാനത്തിൽ സത്യസന്ധമായി എല്ലാം എഴുതി.

**23/03/2026** നു ഹിയറിങ്ങിനു വിളിച്ചിട്ട് മൊഴി വാങ്ങി വായിച്ചു നോക്കാൻ അനുവദിച്ചില്ല. ഞാൻ മൊഴിയുടെ കോപ്പി ആവശ്യപ്പെട്ടു. ഭീഷണിപ്പെടുത്തി ഒപ്പിട്ടു വാങ്ങിച്ചു. ഞാൻ പറഞ്ഞതൊന്നും തന്നെ തെളിവുകളുടെ അടിസ്ഥാനത്തിൽ എഴുതിയിട്ടില്ല. തരാത്തതുകൊണ്ട് **RTI** നിയമം അനുസരിച്ച ആവശ്യപ്പെട്ടു. ഫോണിൽ വിളിച്ചു പറഞ്ഞു. **PIO** യ്ക്കാണ് അപേക്ഷ കൊടുക്കേണ്ടത്. **24/03/2026** ൽ വീണ്ടും അപേക്ഷ കൊടുത്തു. **1** മാസം കഴിഞ്ഞിട്ടും മറുപടി കിട്ടാത്തതുകൊണ്ട് സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചു. **21/08/26** ൽ ആണ് മൊഴിയുടെ കോപ്പി അയച്ചു തന്നത്. **5** മാസങ്ങൾ കഴിഞ്ഞു.

**19/02/26** ൽ **PIO** എല്ലാ രേഖാകളും തന്നിട്ടില്ല. ആയതിനാൽ ഈ പരാതി സ്വീകരിച്ച എനിക്ക് നീതിലഭിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **10/09/2026**-ന് ഉച്ചയ്ക്ക് **3:00**ന് കെ.എസ്.ഇ.ബി, ഐ.ബി, പരുത്തിപ്പാറ, തിരുവനന്തപുരത്തുവെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. കെ. ഗോപകുമാർ എതിർകക്ഷിയായ ശ്രീ. സാജു ആർ.എൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഫോർട്ട്, തിരുവനന്തപുരം എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരാതിക്കാരന്റെ അച്ഛനായ കൃഷ്ണൻ ആചാരിയുടെ പേരിലുള്ള നാലു മുറികളിലായി വെവ്വേറെ കണക്ഷനുകൾ ഉണ്ട്. നാലു മുറികൾ **TC 43/1922, 1923,1924,1925** എന്നീ നമ്പറുകളിലാണ്. ഈ കണക്ഷനുകൾ **2019** വരെ കരമന ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലായിരുന്നു. **2/2019** ൽ കുറെ കണക്ഷനുകൾ കരമന സെക്ഷനിൽ നിന്നും ഫോർട്ട് സെക്ഷനിലേക്ക്

മാറ്റിയതിൽ ഈ കെട്ടിടത്തിലുണ്ടായിരുന്ന കണക്ഷനുകളും മാറ്റപ്പെട്ടു. കരമന സെക്ഷനിൽ 1145101002324, 1145107000949, 1145109002323 എന്നീ കൺസ്യൂമർ നമ്പറുകളിലായിരുന്ന കണക്ഷനുകൾ ഫോർട്ട് സെക്ഷനിലേക്ക് മാറ്റിയപ്പോൾ 1145035016094, 1145034016079, 1145035016095 ഇനീ കൺസ്യൂമർ നമ്പറുകളിലേയ്ക്ക് മാറി. ഇതിൽ 16094 എന്ന സർവീസ് കണക്ഷൻ ശ്രീ. കെ. വേലായുധൻ എന്നയാളിന്റെ പേരിലാണുള്ളത്. കരമന സെക്ഷനിൽ 1145101002324 എന്ന കൺസ്യൂമർ നമ്പറിലുണ്ടായിരുന്ന കണക്ഷൻ ശ്രീ. കെ. ബാലൻ എന്നയാളിന്റെ പേരിലായിരുന്നു. ഈ കണക്ഷൻ ഫോർട്ട് സെക്ഷനിൽ 16094 എന്ന നമ്പറിലേയ്ക്ക് മാറി. ഈ കണക്ഷൻ തന്റെ പേരിലേക്ക് മാറ്റണമെന്ന് കാണിച്ച് ശ്രീ. കെ. വേലായുധൻ 24/04/2019 ൽ ലൈസൻസിയ്ക്ക് അപേക്ഷ നൽകി. ആ അപേക്ഷയോടൊപ്പം തിരുവനന്തപുരം corporation നൽകിയിട്ടുള്ള ownership സർട്ടിഫിക്കറ്റ് പകർപ്പ് വില്ലേജിൽ കരമൊടുക്കിയ രസീതിന്റെ പകർപ്പ്, ആധാർകാർഡിന്റെ പകർപ്പ് എന്നിവ നൽകിയിരുന്നതായി എതിർകക്ഷി അറിയിച്ചു, കൂടാതെ അവയുടെ പകർപ്പും സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം Rent Control appellatte Authority ൽ പരാതി നൽകിയാണ് കെട്ടിട ഉടമസ്ഥനായ ശ്രീ കൃഷ്ണൻ ആശാരി വാടകക്കാരനായിരുന്ന ശ്രീ. ബാലൻ മേസ്തിരിയെ ഒഴിപ്പിച്ചത്. 16/09/1992 - ലെ ഉത്തരവുപ്രകാരമാണ് കെട്ടിടത്തിലെ പ്രസ്തുത മുറി ഒഴിപ്പിച്ചിരിക്കുന്നത്. ആ മുറി ഒഴിപ്പിക്കാനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് ശ്രീ ഗോപകുമാർ എന്ന മകന് വെള്ളി ആഭരണങ്ങൾ നിർമിക്കുന്നതിനുള്ള സംരംഭം തുടങ്ങുന്നതിനു വേണ്ടിയെന്നാണ്. എന്നാൽ 1992 ൽ ഒഴിപ്പിച്ച കടമുറി പരാതിക്കാരന് നൽകിയതായി ഒരു രേഖയും ഹാജരാക്കിയിട്ടില്ല. 1992 ൽ കട ഒഴിപ്പിച്ചിട്ടും അവിടെ നിന്നിരുന്ന കണക്ഷൻ കൃഷ്ണനാചാരിയുടെ പേരിലോ, ഗോപകുമാറിന്റെ പേരിലോ മാറ്റിയതായും കാണുന്നില്ല.

പരാതിക്കാരന്റെ പേരിൽ 7251 എന്ന നമ്പറിൽ ഉണ്ടായിരുന്ന ഒരു 3 ഫേസ് കണക്ഷൻ വിച്ഛേദിച്ചാണ്. ആ മുറിയിൽ തന്നെ 16094 എന്ന കണക്ഷൻ മാറ്റി നൽകിയത് എന്ന ആക്ഷേപവും ഉന്നയിച്ചു. ഒരു 3 ഫേസ് കണക്ഷന് കരമന സെക്ഷൻ 17/08/1989 ൽ നൽകിയ Power Allocation ന്റെ പകർപ്പ് കാണിച്ചു. എന്നാൽ ഈ കണക്ഷൻ എടുത്തതിനോ, നിലനിന്നിരുന്നതിനോ തെളിവായി Bill, Receipt എന്നിവയുടെ പകർപ്പ് ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും അവയൊന്നും ഹാജരാക്കാൻ പരാതിക്കാരന് കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു കണക്ഷൻ നിലനിന്നിരുന്നതായി എതിർകക്ഷിയ്ക്കും അറിവില്ല. അതിനാൽ അങ്ങനെ ഒരു കണക്ഷൻ നിലനിന്നിരുന്നു എന്ന് സ്ഥാപിക്കാൻ കഴിയാത്തതിനാൽ ആ വാദം അംഗീകരിക്കുന്നില്ല.

പരാതിക്കാരന്റെ അച്ഛന്റെ പേരിലുള്ള കെട്ടിടവും അതിലെ കടമുറികളും ഇതുവരെയും ഭാഗം വച്ച് നൽകിയിട്ടില്ല. വസ്തു തർക്കത്തിന് കേസ് കോടതിയിൽ നിലനിൽക്കുന്നു എന്നാണ് പരാതിക്കാരൻ അറിയിച്ചത്. അതിനാൽ ശ്രീ. വേലായുധൻ ഹാജരാക്കിയ രേഖകൾ നിയമാനുസൃതമല്ല എന്നാണ് പരാതി. അവ പരിശോധിക്കുക ഓംബുഡ്സ്മാന്റെ അധികാരപരിധിയിലല്ലാത്തതിനാൽ അതിനെകുറിച്ച് അതിനികൃതിച്ചും തീരുമാനം എടുക്കാൻ കഴിയുന്നില്ല, എന്നാൽ **connection transfer** ചെയ്യാൻ അപേക്ഷ നൽകിയപ്പോൾ വേണ്ട രേഖകൾ നൽകിയോ എന്ന് പരിശോധിക്കേണ്ടതായി വന്നു. **Kerala Electricity Supply Code-2014,** റെഗുലേഷൻ **91** പ്രകാരമാണ് **connection transfer** ന്റെ മാനദണ്ഡങ്ങൾ.

***91. Transfer of service connection. -***

> ***(1)*** *The consumer shall not, without prior consent in writing of the distribution licensee, assign, transfer or part with the benefit of the service connection agreement executed with the distribution licensee, or part with or create any partial or separate interest thereunder in any manner.*
>
> ***(2)*** *The service connection may be transferred to another person on transfer of ownership or occupancy of the premises, through online mode as per the format specified in Annexure - 8 along with the required documents in support of the request: Provided that such transfer shall not entitle the applicant to require shifting of the connection from the present premises.*
>
> ***(3)*** *The transferee shall pay the required security and execute a fresh service connection agreement.*
>
> ***(4)*** *The licensee shall process applications relating to change of name of the consumer due to change in ownership or occupancy of the premises in accordance with the procedure detailed below: -*
>
> > ***a)*** *the applicant shall apply for the change of name of the consumer in the format prescribed in Annexure - 8 to the Code, along with a copy of the latest bill, duly paid;*
> >
> > ***b)*** *the request for transfer of connection shall not be accepted unless all recoverable dues in respect of the concerned connection are fully paid;*
> >
> > **c)** *the application form shall be accepted on showing proof of ownership or occupancy of the premises;*

കൂടാതെ **Annexure -8** പ്രകാരം അപേക്ഷ നൽകുമ്പോൾ താഴെ കാണുന്ന രേഖകൾ നൽകണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

1. Copy of latest bill duly paid.
2. Proof of Ownership/Legal Occupancy certificate.
3. No Objection Certificate from the existing consumer if available/possible.
4. Registered deed/Succession certificate (if any other document)

ഈ രേഖകൾ ഹാജരാക്കുകയും അവ പരിശോധിക്കുകയും ചെയ്ത ശേഷമാണ് കണക്ഷൻ മാറ്റികൊടുത്തത് എന്ന് എതിർകക്ഷി അറിയിച്ചു. കണക്ഷൻ മാറ്റികൊടുത്തതിൽ അപാകതയൊന്നും കാണാത്തതിനാലും ഈ സ്ഥലം പരാതിക്കാരന്റെ പേരിലാണെന്ന് സ്ഥാപിക്കാൻ കഴിയാത്തതിനാലും പരാതിയിൽ കഴമ്പില്ല. അതിനാൽ പരാതി തള്ളിക്കളയേണ്ടിയിരിക്കുന്നു.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. CGRF (SZ) ന്റെ ഉത്തരവിനെ ശരി വച്ച് ഉത്തരവാകുന്നു.
2. തീരുമാനം 1 പ്രകാരം പരാതി തീർപ്പാക്കുന്നു.
3. മറ്റു ചെലവുകൾ അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/44/2026/ തീയതി : 01/10/2026.

**അയക്കുന്നത്:**

1. ശ്രീ. കെ. ഗോപകുമാർ, ടി സി.43/1925, ആര്യശാല, ചാല പി.ഒ, തിരുവനന്തപുരം ജില്ല - 695036
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഫോർട്ട്, തിരുവന്തപുരം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, ഉപഭോക്തൃ പരാതി പരിഹാര ഫോറം, വൈദ്യുതി ഭവനം, കെഎസ്ഇ ബോർഡ്, കൊട്ടാരക്കര, പിൻ 691506.